**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3273** **26-06-2024 - ൽ മറുപടിയ്ക്ക്**

**സ്കൂൾ വാഹനങ്ങളുടെ ഫിറ്റ്നസ് ഉറപ്പാക്കുന്നതിനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ഈ അധ്യയന വർഷം ആരംഭിക്കുന്നതിന് മുൻപ് സംസ്ഥാനത്തെ വിവിധ സ്കൂളുകളിലെ വാഹനങ്ങളുടേയും സ്കൂൾ കുട്ടികളുമായി യാത്ര ചെയ്യുന്ന സ്വകാര്യ വാഹനങ്ങളുടേയും ഫിറ്റ്നസ് ഉറപ്പാക്കുന്നതിന് വിദ്യാഭ്യാസ വകുപ്പ് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; മേൽപ്പറഞ്ഞ രീതിയിൽ സർവീസ് നടത്തുന്ന മുഴുവൻ വാഹനങ്ങൾക്കും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഉണ്ടെന്ന് ഉറപ്പാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ ; | (എ) | ഈ അധ്യയന വർഷം ആരംഭിക്കുന്നതിന് മുമ്പ് ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ വിദ്യാലയങ്ങളിൽ സന്ദർശനം നടത്തി വാഹനങ്ങൾക്ക് ഫിറ്റ്നസ്സ് ഉണ്ടെന്ന് ഉറപ്പുവരുത്താൻ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 08.05.2024, 31.05.2024 തിയതികളിലെ സർക്കുലറുകൾ പ്രകാരം വിദ്യാഭ്യാസ ഓഫീസർമാർക്ക് നിർദേശം നൽകിയിട്ടുണ്ട്. |
| (ബി) | ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാത്ത ഏതെങ്കിലും വാഹനം ഈ രീതിയിൽ സർവീസ് നടത്തുന്നതായി വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സ്കൂൾ ബസ്സുകളുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ? | (ബി) | ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാതെ വാഹനം സർവ്വീസ് നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.<br><br>സ്കൂൾബസ്സുകളുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി ചുവടെ പറയുന്ന നിർദ്ദേശങ്ങൾ വിദ്യാഭ്യാസ ഓഫീസർമാർക്ക് നൽകിയിട്ടുണ്ട്.<br><br>1. വിദ്യാർത്ഥികളെ കൊണ്ടുപോകുന്ന സ്കൂൾ/സ്വകാര്യ വാഹനങ്ങളിലെ ഡ്രൈവർമാർക്ക് ബോധവൽക്കരണ ക്ലാസ്സ് സംഘടിപ്പിക്കുക.<br><br>2. റോഡരികിലും മറ്റും വാഹനങ്ങൾ അലക്ഷ്യമായി പാർക്ക് ചെയ്യുന്നതുമൂലം ഗതാഗത തടസ്സം ഉണ്ടാകാതിരിക്കാൻ പോലീസുമായി ചേർന്ന് ആവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തേണ്ട താണ്.<br><br>3. സ്കൂൾ ബസ്സുകളിൽ കയറ്റാവുന്ന കുട്ടികളുടെ എണ്ണം വാഹനത്തിന്റെ ഫിറ്റ്നസ് മുതലായവ സംബന്ധിച്ച് മോട്ടോർ വാഹന വകുപ്പ് നിഷ്കർഷിച്ച മാനദണ്ഡങ്ങൾ പാലിക്കേണ്ടതാണ്. കൂടാതെ ഓട്ടോ, ടാക്സി വാൻ, പ്രൈവറ്റ് ബസ് എന്നിവയിൽ സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ചുള്ള യാത്ര |

| | | | |
|---|---|---|---|
| | | | ഉറപ്പാക്കുന്നതിന് ബന്ധപ്പെട്ട അധികാരികൾ/ അസോസിയേഷനു മായി ബന്ധപ്പെട്ട് ചർച്ച നടത്തി ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. സ്കൂൾ കുട്ടികളുടെ യാത്രാ സമയങ്ങളിൽ ചരക്ക് വാഹനങ്ങൾ ഉൾപ്പെടെയുള്ള ഹെവി വാഹനങ്ങളുടെ നിയന്ത്രണം ബന്ധപ്പെട്ട അധികാരികൾ ഉറപ്പവരുത്തേണ്ടതാണ്. |

സെക്ഷൻ ഓഫീസർ